കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി:31.07.2017

**പ്രസിദ്ധീകരണത്തിന്,**

# പരിസ്ഥിതി സാക്ഷരത, നവകേരള സൃഷ്ടിയ്ക്ക് അനിവാര്യം: എസ്.എം. വിജയാനന്ദ്

തിരുവനന്തപുരം: സാക്ഷരതയെന്നാൽ കേവലം അക്ഷരം അറിയുക മാത്രമല്ല, സാമൂഹ്യസാക്ഷരത കൂടിയാകണമെന്ന് മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സാക്ഷരതാമിഷന്റെ പരിസ്ഥിതി സാക്ഷരതാപദ്ധതി രാജ്യത്തിനു തന്നെ മാതൃകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള സാക്ഷരതയാണ് നവകേരള സൃഷ്ടിയ്ക്ക് അനിവാര്യമായിരിക്കുന്നത്. സമൂഹത്തിനു നിലനിൽക്കാൻ ആവശ്യമായ എല്ലാ വിഷയങ്ങളിലുമുള്ള അറിവ് ജനങ്ങളിലെത്തിക്കുന്നതാകണം യഥാർത്ഥ സാക്ഷരതാ പ്രവർത്തനം. സാമ്പത്തിക സാക്ഷരതയടക്കം സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ വിഷയങ്ങളെ ആധാരമാക്കിയുള്ള പരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകണം. ഇത്തരം അറിവുകൾ ആദ്യമെത്തിക്കേണ്ടത് സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങളിലേക്കാണ്. ഇതിലൂടെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരാൻ കഴിയും. ഹരിതകേരളം മിഷനുമായി സഹകരിച്ച് സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പരിസ്ഥിതി സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് 'ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠന'ത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല ശിൽപശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു വിജയാനന്ദ്.

വിദ്യാഭ്യാസം, ജീവിതം, തൊഴിൽ, ഭക്ഷണം, വിവരാവകാശം തുടങ്ങിയവയെല്ലാം മൗലിക അവകാശങ്ങളാണെന്ന് പട്ടികജാതി, പട്ടികവർഗ, ആദിവാസി, തീരദേശ മേഖകളിൽ ജീവിക്കുന്നവരെ ബോധ്യപ്പെടുത്തണം. പുതിയ രോഗങ്ങൾ, കാർഷിക മേഖലയിലെ പ്രതിസന്ധി തുടങ്ങിയ വിഷയങ്ങളിലെല്ലാം ജനങ്ങൾ ജാഗരൂകരാകണം. ഇതിനായി 90-കളിലെ സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ മാതൃകയിൽ കേരളത്തിൽ പരിസ്ഥിതി സാക്ഷരതാ യജ്ഞം നടപ്പിലാക്കണമെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 2000 വാർഡുകളിലാണ് ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനം നടത്തുന്നത്. ഓഗസ്റ്റ് ഒന്നിന് തുടങ്ങി ഒക്ടോബർ രണ്ടിന് പൂർത്തിയാക്കുന്ന തരത്തിലാണ് പഠനം ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനായി വാർഡ് മെമ്പർ ചെയർമാനും പ്രേരക് കൺവീനറുമായുള്ള പരിസ്ഥിതി സാക്ഷരതാസമിതി രൂപീകരിക്കും. വാർഡ് സാക്ഷരതാസമിതി അംഗങ്ങൾ, സാക്ഷരതാ തുല്യതാ പഠിതാക്കൾ, വിദ്യാർഥികൾ, അധ്യാപകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ,സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് വാർഡ് തലത്തിൽ പരിസ്ഥിതി സാക്ഷരതാസമിതികൾ രൂപീകരിക്കുന്നത്. കൂടാതെ പരിസ്ഥിതി പഠനസംഘവും രൂപീകരിക്കും.

'പരിസ്ഥിതി സാക്ഷരതാപരിപാടി സ്ഥിതിവിവര പഠനം: അനുഭവങ്ങളും സാധ്യതകളും' എന്ന വിഷയത്തിൽ ഹരിതകേരളം മിഷൻ ടെക്നിക്കൽ അഡ്വൈസർ ഡോ. ആർ.അജയകുമാർ വർമ്മ ക്ലാസ്സെടുത്തു. പരിസ്ഥിതി സാക്ഷരതാപരിപാടിയുമായി ബന്ധപ്പെട്ടുള്ള ക്യാമ്പയിൻ ലക്ഷ്യങ്ങളും പ്രവർത്തനവും സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല വിശദീകരിച്ചു. പരിസ്ഥിതി സാക്ഷരതാപദ്ധതി കോ.ഓർഡിനേറ്റർ ഇ.വി.അനിൽ സംഘാടനത്തെക്കുറിച്ചുള്ള വിശദീകരണവും സർവേഫോറം പരിചയപ്പെടുത്തലും നടത്തി. തുടർന്ന് കോ–ഓർഡിനേറ്റർമാരുടെയും റിസോഴ്സ് പേഴ്സൺമാരുടെയും പൊതുചർച്ച നടന്നു. സാക്ഷരതാമിഷൻ അസി.ഡയറക്ടർ ഡോ. വിജയമ്മ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ: സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പരിസ്ഥിതി സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് 'ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠന'ത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല ശിൽപശാല മുൻ ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ് ഉദ്ഘാടനം ചെയ്യുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ**